**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3896** **27.06.2012-ൽ മറുപടിക്ക്**

**കോഴിക്കോട് ജില്ലയിലെ മഴക്കാലരോഗ പ്രതിരോധ നടപടികൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) കോഴിക്കോട് ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, സർക്കാർ ആശുപത്രികളിലും മഴക്കാലരോഗ പ്രതിരോധത്തിനും ചികിത്സയ്ക്കും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | ബി) മഴക്കാല രോഗപ്രതിരോധത്തിനും ചികിത്സയ്ക്കും ആവശ്യമായ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന ജില്ലയിലെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സർക്കാർ ആശുപത്രികളിലും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ കോഴിക്കോട് ജില്ലയിലുള്ള റീജിയണൽ സ്റ്റോറിൽ മഴക്കാലരോഗ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ സ്റ്റോക്ക് ചെയ്തിട്ടുമുണ്ട്. ഇവ വേഗത്തിൽ വിതരണം ചെയ്യുന്നതിന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഉപയോഗിക്കുന്ന വാഹനത്തിനു പുറമേ ജില്ലാ മെഡിക്കൽ ഓഫീസിന്റെ കീഴിലുള്ള വാഹനം കൂടി 18.06.2012 മുതൽ കൂടുതലായി ലഭ്യമാക്കി മരുന്നു വിതരണം കാര്യക്ഷമമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ